# പതിന്നാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.715 11.07.2016 ൽ മറുപടിക്ക്**

**ജില്ലാ-സംസ്ഥാനതല ടാസ്ക് ഫോഴ്സുകളുടെ ശുപാർശ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ജോർജ് എം. തോമസ്<br>,, കെ. ബാബു<br>,, പി.വി. അൻവർ<br>,, കെ.വി.വിജയദാസ് | | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ജില്ലാതല ടാസ്ക് ഫോഴ്സിന്റെയും (ഡി.എൽ.ടി.എഫ്) സംസ്ഥാനതല ടാസ്ക് ഫോഴ്സിന്റെയും പ്രവർത്തനങ്ങൾ അറിയിക്കാമോ; | എ) | ജില്ലകളിലെ റോഡുകളുടെ അറ്റകുറ്റപണികൾ ഉൾപ്പെടെ ആവശ്യമുള്ള പ്രവൃത്തികൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെയർമാനായുള്ള ഡി.എൽ.റ്റി.എഫ് കമ്മിറ്റി (ജില്ലാസമിതി) കാലാകാലങ്ങളിൽ പരി ശോധിച്ച് അവയുടെ പ്രാധാന്യം കണക്കിലെടുത്ത് മുൻഗണന ലിസ്റ്റ് തയ്യാറാക്കി അംഗീകാരത്തിനായി എസ്.എൽ.റ്റി.എഫ്-ന് നൽകുകയും ആയത് പരിശോധിച്ച് ഫണ്ടിന്റെ ലഭ്യത കണക്കാക്കി അംഗീകാരം നൽകുകയും ചെയ്യുന്നു. |
| ബി) മുൻ സർക്കാരിന്റെ കാലത്ത് ജില്ലാ-സംസ്ഥാനതല ടാസ്ക് ഫോഴ്സുകളുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമെന്നും എത്ര തുകയ്ക്കുള്ള പ്രവൃത്തികൾ ആയിരുന്നെന്നും വിശദമാക്കാമോ; | ബി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| സി) ജില്ലാ-സംസ്ഥാനതല ടാസ്ക് ഫോഴ്സുകളുടെ ശുപാർശയിന്മേലല്ലാതെ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശം നൽകുമോ; ഇങ്ങനെ അനുമതി നൽകാനുള്ള മാനദണ്ഡം എന്തായിരുന്നു; അനുമതി നൽകിയതിൽ ക്രമക്കേടുണ്ടായിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ച് വിശദാംശം അറിയിക്കുമോ? | സി) | സംസ്ഥാനതല സമിതിയുടെ അംഗീകാരമില്ലാതെ ഭരണാനുമതി നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ